പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2752

13/03/2020-ൽ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ജി.എച്ച്.എസ്.എസ്. ഭരതന്നൂർ, ജി.വി. എച്ച്.എസ്.എസ്. കല്ലറ, ജി.ബി.എച്ച്. എസ്.എസ്.മിതൃമ്മല എന്നീ വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരതന്നൂർ ജി.എച്ച്.എസ്.എസ് -ന്റെ നിർമ്മാണം 54% പൂർത്തിയായി. കല്ലറ ജി.വി. എച്ച്.എസ്.എസിന്റെ നിർമ്മാണം 61% പൂർത്തിയായി. മിതൃമ്മല ജി.ബി.എച്ച്.എസ്. എസിന്റെ നിർമ്മാണത്തിനായി ടെണ്ടർ നൽകിയിട്ടുണ്ട്. |
| (ബി) | ജി.ബി.എച്ച്.എസ്.എസ്. മിതൃമ്മലയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; | (ബി) & (സി) | മിതൃമ്മല ജി.ബി.എച്ച്.എസിന്റെ നിർമ്മാണ ചുമതല എസ്.പി.വി ആയ കൈറ്റിനെയായിരുന്നു ഏൽപ്പിച്ചിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്കൂളുകൾ ലഭിക്കുന്നതിലും പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിലും ഉണ്ടാകുന്ന കാലതാമസം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ സങ്കീർണ്ണതകൾ, കിഫ്ബിയുടെ സാങ്കേതിക പ്രശ്നങ്ങൾ, മാനവവിഭവ ശേഷിയുടെ അപര്യാപ്തത തുടങ്ങിയ കാര്യങ്ങളാൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ എസ്.പി.വി എന്ന നിലയിൽ ഏറ്റെടുത്തു നടത്താൻ കഴിയുന്നില്ലെന്നും ആയതിനാൽ എസ്.പി.വി യായി വാപ്കോസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തണമെന്നും കൈറ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി ആയി വാപ്കോസിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയായിരുന്നു. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനായി വാപ്കോസ് ടെണ്ടർ നൽകുകയും M/S Heather construction -ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ എന്താണ് കാരണമെന്നും കാരണക്കാർ ആരെന്നും വിശദമാക്കാമോ? | | |

Namitha P

**സെക്ഷൻ ഓഫീസർ**